# നമുക്ക് അവയെ വേർതിരിക്കാം

## നിങ്ങളുടെ Kerbside Bin Service (കെർബ്സൈഡ് ബിൻ സേവനത്തെ) ക്കുറിച്ച് അറിയേണ്ടതെല്ലാം




**Ipswich.qld.gov.au/waste**

# പതിവായി ചോദിക്കുന്ന ചോദ്യങ്ങൾ

### *GO ബിൻ എന്തിനുവേണ്ടിയാണ്?*

GO എന്നാൽ ഗാർഡൻ ഓർഗാനിക്സ് എന്നാണ്. നിങ്ങളുടെ എല്ലാ പൂന്തോട്ട മാലിന്യങ്ങൾക്കുമായി രൂപകൽപ്പന ചെയ്തിരിക്കുന്നവയാണ് GO ബിന്നുകൾ. ഈ ജൈവ മാലിന്യങ്ങൾ രണ്ടാഴ്ച കൂടുമ്പോൾ ശേഖരിച്ച് ഒരു പ്രാദേശിക കമ്പോസ്റ്റിംഗ് സൗകര്യത്തിൽ കമ്പോസ്റ്റാക്കി മാറ്റുന്നു. പിന്നീട് ഈ കമ്പോസ്റ്റ് കൃഷി പോലുള്ള വിവിധ ഔട്ട്ലെറ്റുകൾ വഴി പരിസ്ഥിതിയിലേക്ക് തിരികെ നൽകുന്നു.

### *കൗൺസിൽ എപ്പോഴാണ് GO സേവനം വികസിപ്പിക്കുന്നത്?*

ത്രീ-ബിൻ കോർ സേവനത്തിൻറെ ഭാഗമായി നഗരത്തിലുടനീളം ഗാർഡൻ ഓർഗാനിക്സ് (GO) ശേഖരണത്തിലേക്ക് കടക്കുന്നതിൽഇപ്സ്വിച്ച് അഭിമാനിക്കുന്നു.

2025 പകുതിയോടെ നഗരത്തിലുടനീളം ഈ GO റോൾഔട്ട് ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സംരംഭത്തിന് ക്വീൻസ്ലാൻഡ് ഗവൺമെൻറിൻറെ റീസൈക്ലിംഗ് ആൻഡ് ജോബ്സ് ഫണ്ടിൽ നിന്ന് ധനസഹായം ലഭിച്ചു.

**English** – Scan the QR code for recycling information in your language

**Punjabi** – ਆਪਣੀ ਭਾਸ਼ਾ ਵਿੱਚ ਰੀਸਾਈਕਲਿੰਗ ਜਾਣਕਾਰੀ ਲੈਣ ਲਈ ਇਸ QR ਕੋਡ ਨੂੰ ਸਕੈਨ ਕਰੋ

**Samoan** – Scan le QR code mo faamatalaga mo le toe faaaogaina i lau gagana

**Vietnamese** – Hãy quét mã QR để xem thông tin về tái chế rác thải bằng ngôn ngữ của quý vị

**Swahili** – Changanua msimbo wa QR kupata maelezo ya kuchakata katika lugha yako

**Filipino (Tagalog)** – I-scan ang QR code para sa impormasyon tungkol sa recycling sa inyong wika

**Dinka (South Sudanese)** – Car kon QR ba lëk cë göt thuɔŋ du kueen

### *ഒരു Ipswich (ഇപ്സ്വിച്ച്) നഗരവാസി എന്ന നിലയിൽ എൻറെ വലിയ ഇനങ്ങൾ എങ്ങനെ നീക്കം ചെയ്യാം?*

ഒരു FLEXiSKiP ബാഗും ശേഖരണവും ഓർഡർ ചെയ്തുകൊണ്ട് (ഓരോ വീടിനും പ്രതിവർഷം ഒരെണ്ണം ഉപയോഗിക്കാൻ അർഹതയുണ്ട്). വീട്ടുപകരണങ്ങൾ, പരവതാനികൾ, പൂന്തോട്ട ജൈവ മാലിന്യങ്ങൾ, മെത്തകൾ തുടങ്ങി 165 കിലോഗ്രാം വരെ ഗാർഹിക ഇനങ്ങൾ നീക്കം ചെയ്യാൻ ഈ സേവനം ഉപയോഗിക്കാം.



### *ബിൻ ഡേ എപ്പോഴാണെന്നോ ഏത് ബിന്നാണ് പുറത്തേക്ക് പോകേണ്ടതെന്നോ എനിക്ക് എങ്ങനെ കണ്ടെത്താനാകും?*

ഏത് ആഴ്ചയിൽ ഏത് ബിൻ/ബിന്നുകൾ പുറത്തുവെയ്ക്കണം എന്നത് ഉൾപ്പെടെ, ശേഖരണ സമയവിവരങ്ങളെക്കുറിച്ച് Ipswich Bin App (ഇപ്സ്വിച്ച് ബിൻ ആപ്പ്) മാർഗ്ഗദർശനം നൽകുന്നു. ഇതിൽ സാധാരണ മാലിന്യ വസ്തുക്കളുടെ ഒരു പട്ടികയും, അവ ഏതൊക്കെ ബിന്നിൽ വിഭജിച്ച് ഇടേണ്ടതാണെന്നും വ്യക്തമാക്കിയിരിക്കുന്നു. ഈ ആപ്പ് ആപ്പ് സ്റ്റോറിലും ഗൂഗിൾ പ്ലേയിലും ലഭ്യമാണ്.

Ipswich BIN APP

RIGHT WASTE, RIGHT BIN, RIGHT DAY!




**കൂടുതൽ വിവരങ്ങൾക്ക് Ipswich.qld.gov.au/waste സന്ദർശിക്കുക അല്ലെങ്കിൽ (07) 3810 6666 എന്ന നമ്പറിൽ വിളിക്കുക.**

IPSWICH WASTE SERVICES | LET'S GET IT SORTED | ഈ സംരംഭത്തെ **ക്വീൻസ്ലാൻഡ് ഗവൺമെൻറിൻറെ റീസൈക്ലിംഗ് ആൻഡ് ജോബ്സ് ഫണ്ട്** പിന്തുണയ്ക്കുന്നു | Queensland Government

# ഗാർഡൻ ഓർഗാനിക്സ്

**രണ്ടാഴ്ചയിലൊരിക്കൽ ശേഖരിക്കുന്നു**
(റീസൈക്ലിംഗ് ബിന്നിനൊപ്പം മാറിമാറി)

**പച്ച മൂടിയുള്ള ബിൻ**

നിങ്ങളുടെ **GO** ബിന്നിൽ എന്തൊക്കെ ഇടാം::

**GO** ഗാർഡൻ ഓർ ഗാനിക്സ്

- ചെത്തിയ പുല്ല്
- കൊമ്പുകോതിയവ, മുറിച്ചു മാറ്റിയവ, വെട്ടിയൊതുക്കിയവ
- ചുള്ളിക്കമ്പുകളും കോലുകളും
- പനയുടെ ഓലമടലുകൾ
- കളകൾ

# റീസൈക്ലിംഗ് (പുനരുപയോഗം)

**രണ്ടാഴ്ചയിലൊരിക്കൽ ശേഖരിക്കുന്നു**
(GO ബിന്നിനൊപ്പംമാറിമാറി)

**മഞ്ഞ മൂടിയുള്ള ബിൻ**

നിങ്ങളുടെ **റീസൈക്ലിംഗ്** ബിന്നിൽ എന്തൊക്കെ ഇടാം:

## റീസൈക്കിൾ 5

**ഗ്ലാസ്**
ജാറുകൾ അല്ലെങ്കിൽ കുപ്പികൾ

**ലോഹം**
അലുമിനിയവും സ്റ്റീലും (പാനീയങ്ങളുടെയും മറ്റും എയറോസോൾ ക്യാനുകൾ; ഭക്ഷണങ്ങളുടെ ടിന്നുകൾ)

**പ്ലാസ്റ്റിക്**
കുപ്പികളും പാത്രങ്ങളും (പാൽ, ശീതളപാനീയം, ഷാംപൂ കുപ്പികൾ; തൈര്, ഐസ്ക്രീം ടബ്ബുകൾ)

**കാർഡ്ബോർഡ്**
പിസ്സ ബോക്സുകൾ ഉൾപ്പെടെയുള്ള പെട്ടികൾ

**പേപ്പർ**
പത്രം, മാസികകൾ, പ്രാധാന്യമില്ലാത്ത തപാലുരുപ്പടികൾ, ഓഫീസ് പേപ്പർ

**ഓർമ്മിക്കുക - അയഞ്ഞ രീതിയിൽ സൂക്ഷിക്കുക, പ്ലാസ്റ്റിക് ബാഗുകൾ വേണ്ട!**

# പൊതു മാലിന്യങ്ങൾ

**ആഴ്ചതോറും ശേഖരിക്കും**

**ചുവപ്പ് മൂടിയുള്ള ബിൻ**

നിങ്ങളുടെ **പൊതു മാലിന്യ** ബിന്നിൽ എന്തൊക്കെ ഇടാം:

- പ്ലാസ്റ്റിക് ബാഗുകളും പൊതിയാനുപയോഗിക്കുന്ന കൂടുകളും
- ഭക്ഷണവും ദ്രാവകങ്ങളും
- കാപ്പി കപ്പുകൾ
- മൃദുവായ പ്ലാസ്റ്റിക്കുകൾ
- വസ്ത്രങ്ങളും ഷൂസുകളും
- പോളിസ്റ്റൈറീൻ
- പുനരുപയോഗം ചെയ്യാനാവാത്ത കട്ടി കൂടിയ പ്ലാസ്റ്റിക്കും കളിപ്പാട്ടങ്ങളും
- കാലാവധി കൂടുതലുള്ള പാൽ കാർട്ടണുകളും ജ്യൂസ് ടെട്രാ പാക്കുകളും
- കുടിക്കാൻ ഉപയോഗിക്കുന്ന ഗ്ലാസുകളും ഗ്ലാസ് നിർമിത വസ്തുക്കളും

നിർമ്മാണ മാലിന്യങ്ങൾ, രാസവസ്തുക്കൾ/സ്ഫോടകവസ്തുക്കൾ, ബാറ്ററികൾ (ബാറ്ററികൾ ഉള്ള ഉപകരണങ്ങൾ ഉൾപ്പെടെ, ഉദാഹരണത്തിന് കളിപ്പാട്ടങ്ങൾ, കോർഡ്ലെസ് വാക്വം ക്ലീനറുകൾ, മറ്റു ഉപകരണങ്ങൾ), ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള അപകടകരമായ ഗാർഹിക മാലിന്യങ്ങൾ വഴിയരികിലെ ചവറ്റുകുട്ടകളിൽ വയ്ക്കരുത്. ഈ വസ്തുക്കൾ എങ്ങനെ സംസ്കരിക്കാം എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾക്ക് **Ipswich.qld.gov.au/hazardouswaste** സന്ദർശിക്കുക.